പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6039 04/11/2016 ൽ മറുപടിക്ക്

**സർവ്വേയും ഭൂരേഖയും വകുപ്പിലെ ആധുനിക ഉപകരണങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിൽ ഉപയോഗിച്ചു വരുന്ന ആധുനിക ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ; | (എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേ നടപടികൾക്കായി ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം(ജി.പി.എസ്) എന്നീ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചു വരുന്നു. |
| (ബി) പ്രസ്തുത ഉപകരണങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) പ്രസ്തുത ഉപകരണങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി) അടക്കമുള്ള കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത ഉപകരണങ്ങളിൽ നിലവിൽ പ്രവർത്തന ക്ഷമമല്ലാത്ത എത്ര ഉപകരണങ്ങൾ ഉണ്ടെന്നും അവ പ്രവർത്തന യോഗ്യമാക്കാത്തതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ? | (സി) നിലവിൽ പ്രവർത്തന ക്ഷമമല്ലാത്ത 1100 സീരീസിൽപ്പെട്ട 73 മെഷീനുകൾ ഉണ്ട്. ടി മെഷീനുകൾ 2003-04 കാലയളവിലുള്ളതാകയാൽ നിലവിൽ സ്പെയർ പാർട്ടുകൾ ലഭ്യമല്ലാത്തതു കാരണം പ്രവർത്തനയോഗ്യമാക്കുവാൻ സാധിക്കാത്തവയാണ്. |

സെക്ഷൻ ഓഫീസർ